(സി) അത്യാവശ്യമാണെന്നു് തോന്നുന്ന സ്ഥലങ്ങളിൽ ന്യായവില ഷാപ്പുകൾ തുറക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ടു്.

UNSTARRED QUESTIONS AND ANSWERS

റോഡു് വീതി കൂട്ടി മെറ്റൽ ഇടുന്നതിനുള്ള നടപടി

11. [6] ശ്രീ. എൻ. കുഞ്ഞുരാമൻ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ലറ ജംഗ്ഷനിൽനിന്നും കല്ലറ ആശുപത്രിവഴി കടകപ്പാട്ട ജംഗ്ഷനിൽ ചേരുന്ന ആറു ഫർലോംഗു് റോഡു് വീതി കൂട്ടി മെറ്റൽ ഇടുന്നതിനു് ഉടനടി നടപടി എടുക്കുമോ ?

ഉത്തരം

ധനദൌർലഭ്യം കാരണം ഇപ്പോൾ നടപടിയെടുക്കാൻ നിവൃത്തിയില്ല.

ക്ഷയരോഗികൾക്കു ധനസഹായം.

12. [9] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷയരോഗികൾക്കു ധനസഹായം ചെയ്യുന്ന ഒരു പദ്ധതി ഗവണ്മെൻറിനുണ്ടോ ;

(ബി) അതിലേക്കു് എത്ര തുക നീക്കിവച്ചിട്ടുണ്ടു് ;

(സി) ഓരോ ഡിസ്ട്രിക്റ്റിലും എത്രപേർ വീതം ധനസഹായത്തിനു അപേക്ഷിച്ചു ;

(ഡി) അതിൽ എത്രപേർക്കുവീതം ഓരോ ഡിസ്ട്രിക്റ്റിലും 1963 ഡിസംബർ അവസാനംവരെ ധനസഹായം കൊടുത്തു; ഓരോരുത്തർക്കും എത്ര തുക വീതം ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) രണ്ടുലക്ഷം രൂപ.

(സി)

തിരുവനന്തപുരം	199
കൊല്ലം	350
ആലപ്പുഴ	755
കോട്ടയം	1,179
എറണാകുളം	39
തൃശ്ശൂർ	1,429
പാലക്കാടു്	102
കോഴിക്കോടു്	1,454
കണ്ണൂർ	228

(ഡി) ആക്കം കൊടുത്തിട്ടില്ല. ചില അപേക്ഷകൾ അനുവദിച്ചിട്ടുണ്ടു്.

സർവ്വയ്ലൻസു് വക്കേഴ്സു്.

13. [15] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എം. ഇ. പ്രോഗ്രാമിൽപ്പെട്ട സർവ്വയ്ലൻസു് വക്കേഴ്സു് എത്രയുണ്ടു്;

(ബി) അവരുടെ ഉദ്യോഗകാലാവധി എത്ര ;

LIBRARY ARCHIVES Kerala Legislative Assembly